## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4653** **18.5.2017 -ൽ മറുപടിയ്ക്ക്**

## മദ്യവില്പന നിയന്ത്രണങ്ങൾമൂലം ടൂറിസം മേഖലയിൽ പ്രതിസന്ധി

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ : | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി). |
|---|---|
| സംസ്ഥാനത്ത് നിലവിലുള്ള മദ്യവില്പന നിയന്ത്രണങ്ങൾ ടൂറിസം മേഖലയെ പ്രതിസന്ധിയിലേയ്ക്ക് നയിക്കുന്നുവെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | സംസ്ഥാനത്ത് നിലവിലുള്ള മദ്യവില്പന നിയന്ത്രണങ്ങൾ ടൂറിസം മേഖലയെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച് പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടില്ല.എന്നാൽ സംസ്ഥാനത്തെ നിലവിലെ വിനോദസഞ്ചാരികളുടെ വരവിലുള്ള വളർച്ചാനിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടൂറിസം വകുപ്പ് നടത്തിയ "Trade Research Survey 2016" എന്ന പഠനത്തിൽ ടൂറിസം രംഗത്തെ തളർച്ചയുടെ മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവെൻഷനുകൾ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ കല്യാണങ്ങൾ എന്നിവയുടെ വളർച്ചാ നിരക്കിലുണ്ടായ ഇടിവാണ്. ഇതിനൊരു കാരണം നിലവിലെ മദ്യനയം കൂടിയാണെന്ന് പ്രസ്തുത പഠനത്തിൽ കണ്ടെത്തുകയുണ്ടായി.<br>ദേശീയ/സംസ്ഥാന ഹൈവേകൾക്കിരുവശവും നിശ്ചിത ദൂര പരിധിക്കുള്ളിൽ (500മീറ്റർ) |

| | |
|---|---|
| | മദ്യശാലകൾ പ്രവർത്തിക്കാൻ പാടില്ലെന്ന ബഹു.സുപ്രീം കോടതി ഉത്തരവുമൂലം ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തൊഴിൽ നഷ്ടവും വരുമാന നഷ്ടവും സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കെ.ടി.ഡി.സി-യുടെ കീഴിൽ പ്രവർത്തിച്ചിരുന്ന 22 ബീയർ പാർലറുകളുടെ പ്രവർത്തനം നിർത്തി വയ്ക്കേണ്ടതായി വന്നതിനെ തുടർന്ന് നടപ്പ സാമ്പത്തിക വർഷം വിറ്റുവരവിൽ ഏകദേശം 48 കോടി രൂപയോളം കുറവും, തൊഴിലാളികളെ പുനർവിന്യസിക്കേണ്ടി വരുന്നതുമൂലം ഏകദേശം 4.08 കോടിരൂപയുടെ അധിക ബാധ്യതയും കെ.ടി.ഡി.സി ക്ക് ഉണ്ടാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ